സർക്കാർ ആശുപത്രികളിൽനിന്നും മരുന്നു കിട്ടുന്നില്ലെന്ന പരാതി

275 [328] ശ്രീ. പി. ബി. ആർ. പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ മന്ത്രി സദയം മറുപടിനൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ നിന്നും രോഗികൾക്ക് ആവശ്യമായ മരുന്നുകൾ ലഭിക്കാതെ വന്നിരിക്കുന്നതുമൂലം സാധുക്കളായ നിരവധി ആളുകൾ ബുദ്ധിമുട്ടുന്ന വസ്തുത ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ ദുഃസ്ഥിതിക്ക് പരിഹാരം കാണുവാൻ ഗവൺമെൻറ് അടിയന്തരമായി ശ്രദ്ധിക്കുമോ ?

ഉത്തരം

(എ) ഏതാനും ചില സർക്കാർ ആശുപത്രികളിൽ ചില മരുന്നുകൾക്ക് ഭൗർലഭ്യം അനുഭവപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അവിടങ്ങളിലെല്ലാം സത്വരമായി മരുന്നുകൾ എത്തിക്കാൻ ഡി. എം. ഒ. മാർക്കും, ഡിസ്ട്രിക്ട് മെഡിക്കൽ സ്റ്റോറാർ സൂപ്രണ്ടുമാർക്കും വേണ്ട നിർദ്ദേശം നല്കിയിട്ടുണ്ട്.

ആയുർവ്വേദ ഡിപ്പാർട്ടുമെൻറിന്റെ കീഴിലുള്ള ആശുപത്രികൾ

276 [329] ശ്രീ. പി. ബി. ആർ. പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യമന്ത്രി സദയം മറുപടിനൽകുമോ :

(എ) ആയുർവ്വേദ ഡിപ്പാർട്ടുമെൻറിന്റെ കീഴിൽ ഇപ്പോൾ സംസ്ഥാനത്ത് എത്ര ആശുപത്രികൾ ഉണ്ട് ; അവ ഓരോ ജില്ലയിലും എത്രയെത്ര വീതമാകുന്നു ;

(ബി) പുതുതായി എത്രയെണ്ണം ഇനിയും തുടങ്ങുവാനും നിലവിലുള്ള എത്ര ആശുപത്രികൾ വികസിപ്പിക്കുന്നതിനും ഗവൺമെൻറ് ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ;

(സി) അവ എവിടെ എതെല്ലാം ;

(ഡി) കോട്ടയം ജില്ലാ ആയുർവ്വേദാശുപത്രി വികസിപ്പിക്കുവാനുള്ള ഗവൺമെൻറിന്റെ മുൻതീരുമാനം നടപ്പിൽവരുത്തുവാൻ സാധിക്കാതെ വന്നിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) രണ്ടു ഗവൺമെൻറ് ആയുർവ്വേദ കോളേജുകളോടനുബന്ധിച്ചുള്ള ആശുപത്രികൾ ഉൾപ്പെടെ ഡിപ്പാർട്ടുമെൻറിന്റെ കീഴിൽ ഇപ്പോൾ 64 ഗവൺമെൻറ് ആയുർവ്വേദാശുപത്രികൾ ഉണ്ട്.

അവ ജില്ല തിരിച്ച് താഴെ പറയും പ്രകാരമാകുന്നു.

തിരുവനന്തപുരം	7
കൊല്ലം	4
ആലപ്പുഴ	7
കോട്ടയം	6
ഇടുക്കി	1
എറണാകുളം	9
തൃശ്ശൂർ	10

LIBRARY ARCHIVES Kerala Legislative Assembly